FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**23-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. തിരുവനന്തപുരത്ത് പ്രവർത്തിയ്ക്കുന്ന കേന്ദ്ര കിഴങ്ങുവർഗവിള ഗവേഷണ സ്ഥാപനത്തിന്റെ അൻപത്തിയെട്ടാമത് സ്ഥാപകദിനാഘോഷച്ചടങ്ങുകളുടെ ഉദ്ഘാടനം ഇന്ന് (23 ന് ) 2.30 ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് യുവതീയുവാക്കൾക്കായി കൃഷിഭവനുകളിൽ നൽകുന്ന ഇന്റേൺഷിപ്പിന് ആഗസ്റ്റ് മാസം 11 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. 24-8-21 മുതൽ 26-8-21 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിലേക്ക് https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

4. കാർഷിക പമ്പുകൾ സോളാറിലേക്കു മാറ്റുന്നതിന് www.anert.gov.in എന്ന അനെർട്ട് വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. അനെർട്ടും കെ.എസ്.ഇ.ബി.യും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ വിവരങ്ങൾ 1800 425 1803 ടോൾ ഫ്രീ നമ്പറിലും അനെർട്ട് ജില്ലാ കാര്യാലയത്തിലും പ്രദേശത്തെ കൃഷി ഓഫീസിലും ലഭിക്കും.

5. ശാസ്ത്രീയ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ തേനിന്റെയും അനുബന്ധ ഉത്പന്നങ്ങളുടെയും ലഭ്യതയും വിപണനവും ലക്ഷ്യമാക്കി കൃഷി വകുപ്പിന്റെ **മധു കാന്തി** പോർട്ടൽ. തേനീച്ച കർഷകരും കർഷക സംഘങ്ങളും മധു കാന്തി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**23-07-2021**

www.allbankcare.in , www.nbb.gov.in എന്നിവയാണ് വെബ് സൈറ്റുകൾ . കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

6. കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് നൂറു രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമായിട്ടുള്ളതായി കുത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്ര ് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 2662264 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (23 ന്) **വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിലെ ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. രാവിലെ 11 മണിക്ക് meet.google.com/kyy-wtac-qem എന്ന ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഇഞ്ചി കൃഷിയിലെ സംയോജിത രോഗ മാർഗ്ഗങ്ങൾ** എന്ന വിഷയത്തിൽ ഇന്ന് (23 ന്) രാവിലെ 9.30 മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447790268 / 0479-2959268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പ്രവർധന രീതികളും വെർച്വൽ പ്രദർശനവും** എന്ന വിഷയത്തിൽ ഇന്ന് (23 ന്) വെബിനാർ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9496827965** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി ഇന്ന് (23-07-2021) വൈകിട്ട് 5 മണിക്ക് കോഴി വളർത്തൽ കർഷകർക്കായി **കാലാവസ്ഥാ വ്യതിയാനവും കോഴിവളർത്തലും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. **9995213500** എന്നതാണ് സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി. കൂടുതൽ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ എ റ്റി റ്റി സി, കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി ഇന്ന് (23/7/2021 ന്) 2.30 ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**23-07-2021**

ഫേസ്ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ്ങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484 2703094 എന്ന** ഫോൺ നമ്പരിൽ വന്ധപ്പെടുക.

12. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (23-07-2021) രാവിലെ 11 മണി മുതൽ **"ക്ഷീരോൽപ്പന്ന നിർമ്മാണം"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

13. തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (23-07-2021 ന്) **പോത്തുകുട്ടിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9188522706 എന്ന വാട്സ് ആപ്പ് നമ്പരിലോ 04829234323 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

14. ഓച്ചിറ ക്ഷീരോൽപ്പന്നനിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (23-07-2021) രാവിലെ 11 മണി മുതൽ **"പശുക്കളിലെ കൃത്രിമ ബീജദാനവും ഗർഭകാല പരിരക്ഷയും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനങ്ങളിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9947775978 എന്ന വാട്സ് ആപ്പ് നമ്പരിലോ 0476 2698550 ഫോൺ നമ്പരിലോ ബന്ധപ്പെട്ട് രാവിലെ 10.30 വരെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

15. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിലുള്ള പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (23-07-2021 ന്) 2.30-ന് **സമൂഹമാധ്യമങ്ങൾ കാർഷിക വിജ്ഞാന വ്യാപനത്തിന്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. https://www.facebook.com/groups/rattc.taliparamba എന്ന ലിങ്കിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**